(ഡി) ഇതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്.

(ഇ) എം.എൽ.എ.മാർ അവരവരുടെ നിയോജക മണ്ഡലങ്ങളിലെ പണികളുടെ പുരോഗതി ബന്ധപ്പെട്ടവരുമായി വിലയിരുത്താറുണ്ട്.

മീരാൻകടവ് പാലം പുനർനിർമ്മിക്കുന്ന നടപടി

47 (1290) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മീരാൻകടവ് പാലം പുനർനിർമ്മിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഈ പാലം നിർമ്മിച്ചിട്ട് ഇപ്പോൾ എത്ര വർഷമായി ;

(സി) പ്രസ്തുത പാലം ഏതു നിമിഷവും തകർന്നു വീഴാവുന്ന നിലയിലാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ പാലം തകർന്നു വീണാൽ അഞ്ചുതെങ്ങ് മേഖല ഒറ്റപ്പെട്ടു പോകുമെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഇ) മീരാൻ കടവ് പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു നിലയിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 43 വർഷം.

(സി,ഡി&ഇ) പ്രസ്തുത പാലത്തിന്റെ കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം പുതുക്കി പണിയുന്നതിലേക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

മുളിയിങ്കൽ കൈതക്കൊല്ലി റോഡിന്റെ നിർമ്മാണം

48 (1291) ശ്രീമതി എൻ. കെ. രാധ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

പേരാംപ്ര നിയോജക മണ്ഡലത്തിലെ മുളിയിങ്കൽ-കൈതക്കൊല്ലി റോഡിന്റെ പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

പേരാംപ്ര നിയോജകമണ്ഡലത്തിലെ മുളിയിങ്കൽ-കൈതക്കൊല്ലി റോഡ് കിലോമീറ്റർ 4/0 മുതൽ 8/300 വരെ വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തുന്നതിന് 69 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതിന് 1999-2000 ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly